<u>15 -ാം കേരള നിയമസഭ</u>

<u>11 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5137</u> <u>04-07-2024 - ൽ മറുപടിയ്ക്ക്</u>

<u>അഭ്യസ്തവിദ്യർക്ക് നൈപുണ്യ പരിശീലനം വഴി തൊഴിൽ തേടുന്ന പദ്ധതി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | തൊഴിൽ ഇല്ലാത്ത അഭ്യസ്തവിദ്യർക്ക് നൈപുണ്യ പരിശീലനം വഴി തൊഴിൽ തേടുന്ന പദ്ധതി പ്രകാരം എത്രപേർക്ക് നാളിതുവരെ പരിശീലനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ തൊഴിൽ രഹിതരായ അഭ്യസ്തവിദ്യർക്ക് മാറുന്ന കാലഘട്ടത്തിന് അനുയോജ്യമായ രീതിയിലുള്ള നൈപുണ്യ വികസനം സാധ്യമാകുക എന്ന ലക്ഷ്യം മുന്നിൽ കണ്ട് വിവിധ മേഖലകളിൽ പൊതു-സ്വകാര്യ പങ്കാളിത്തത്തോടുകൂടി മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കുകയും, നൈപുണ്യ പരിശീലനം നൽകുന്ന സ്ഥാപങ്ങൾക്ക് അക്രഡിറ്റേഷൻ നൽകിയുമാണ് നൈപുണ്യ വികസന മേഖലയിൽ സംസ്ഥാന നൈപുണ്യ വികസന മിഷൻ എന്ന നിലയിൽ കെയ്സ് പ്രവർത്തിച്ച് വരുന്നത്. നാളിതുവരെ മികവിന്റെ കേന്ദ്രങ്ങൾ വഴി 18,260 ഉദ്യോഗാർത്ഥികൾക്കും, കെയ്സിന്റെ അക്രെഡിറ്റഡ് സ്ഥാപനങ്ങൾ വഴി 7400 ഉദ്യോഗാർത്ഥികൾക്കും നൈപുണ്യ പരിശീലനങ്ങൾ നൽകിയിട്ടുണ്ട്. |
| (ബി) | പരിശീലനം കിട്ടിയ അഭ്യസ്തവിദ്യർക്ക് ജോലി തേടുന്നതിനുള്ള എന്തെങ്കിലും സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | സംസ്ഥാന നൈപുണ്യ വികസന മിഷനായ കെയ്സ് തൊഴിലില്ലായ്മ നേരിടുന്നതിന് വേണ്ടി നൈപുണ്യ പരിശീലനം നല്കുന്നതിനോടൊപ്പം തന്നെ 70 ശതമാനത്തോളം പ്ലേസ്മെന്റ് ഉറപ്പ് നൽകാൻ സാധിക്കുന്ന നൈപുണ്യ വികസന പങ്കാളികളുമായി ചേർന്നിട്ടാണ് നൈപുണ്യ വികസന പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. കൂടാതെ കെയ്സ് നേരിട്ട് വിവിധ ജില്ലകളിൽ സ്റ്റേറ്റ് ജോബ് പോർട്ടൽ വഴി ജില്ലാതല തൊഴിൽ മേളകൾ സംഘടിപ്പിക്കാറുണ്ട്, ആയതിൽ നൈപുണ്യ വികസന പരിശീലനം ലഭിച്ചവർ പങ്കെടുക്കുന്നുണ്ട്. ഇതുകൂടാതെ CII പോലുള്ള മറ്റു വ്യാവസായിക പ്രമുഖരുമായും ചേർന്ന് തൊഴിൽ നൽകുന്നതിന് വേണ്ട നടപടികളും സ്വീകരിച്ചിട്ടുണ്ട്. വിദേശ രാജ്യങ്ങളിൽ നമ്മുടെ സംസ്ഥാനത്തെ യുവജനങ്ങൾക്ക് തൊഴിൽ നേടിയെടുക്കാൻ സഹായിക്കുന്നതിന്റെ ഭാഗമായി NSDCI-യുമായി സഹകരിക്കുന്നുണ്ട്. കൂടാതെ എൻജിനിയറിങ്, |

| | | | |
|---|---|---|---|
| | | | പോളിടെക്നിക്, ഐ.ടി.ഐ ബിരുദധാരികൾക്ക് വിവിധ വ്യവസായ സ്ഥാപനങ്ങളുമായി സഹകരിച്ച് അവരുടെ തൊഴിൽ ക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഓൺ ദ ജോബ് ട്രെയിനിങ്ങിനുള്ള അവസരങ്ങൾ സാധ്യമാക്കിയിട്ടുണ്ട്. |
| (സി) | ഇവർക്ക് വിദേശ കമ്പനികളിൽ ഉൾപ്പെടെ ജോലി തെരഞ്ഞെടുക്കുന്നതിനുള്ള സംവിധാനങ്ങൾ വകുപ്പ് സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (സി) | സംസ്ഥാനത്തെ അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികൾക്ക് വിവിധ വിദേശ രാജ്യങ്ങളിൽ ലഭ്യമായിട്ടുള്ള തൊഴിൽ അവസരങ്ങൾ പ്രയോജനപ്പെടുത്തുന്നതിന് വേണ്ടി NSDCI യുമായി സഹകരിച്ചും NORKA ROOTS, ODEPEC പോലെയുള്ള റിക്രൂട്ട്മെന്റ് ഏജൻസികളുമായി സഹകരിച്ചും, കെയ്സ് സ്വന്തം നിലക്കും വിദേശ രാജ്യത്തെ റിക്രൂട്ട്മെന്റ് ഏജൻസികളുമായി ബന്ധപ്പെട്ടും നടപടികൾ സ്വീകരിച്ചു വരുന്നു . |

സെക്ഷൻ ഓഫീസർ